പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി 8230 കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും 67 ഹെൽത്ത് എഡ്യൂക്കേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും 6 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2156 ഗ്രൂപ്പ് ചർച്ചകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു. 11816 ഗൃഹസന്ദർശനവും ഇതിനോടനുബന്ധിച്ച് നടത്തുകയുണ്ടായി. മെഡിക്കൽ കോളേജ് പരിസരത്തുള്ള ജലസ്രോതസ്സുകളിൽ നിന്നും 159 ജലസാംപിളുകൾ പരിശോധിക്കുകയും അതിൽ ഉപയോഗശൂന്യമായ ജല സ്രോതസ്സുകൾ മൂടുവാനുള്ള നടപടികൾ എടുത്തിട്ടുമുണ്ട്. ശീതളപാനീയങ്ങളും, ഫ്രൂട്ട്സ് ജൂസുകളും കളക്ടർ നിരോധിച്ചിട്ടുമുണ്ട്. തട്ടുകടകൾ മെഡിക്കൽ കോളേജ് പരിസരത്ത് പരിപൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് രൂപീകരിച്ച് ഹോട്ടൽ പരിശോധന, ജലസ്രോതസ്സുകളുടെ പരിശോധന, ഹെൽത്ത് കാർഡ് വിതരണം എന്നിവയ്ക്ക് മേൽനോട്ടം വഹിച്ചുവരുന്നു. ജനങ്ങളുടെ ബോധവൽക്കരണത്തിനായി പത്രക്കുറിപ്പുകൾ, മാധ്യമങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ നിന്നും തിരുവനന്തപുരത്ത് നിന്നുള്ള വിദഗ്ദ്ധ സംഘവും മെഡിക്കൽ കോളേജും പരിസരവും സന്ദർശിക്കുകയും, രക്തം, സിറം, വെള്ളം, മണ്ണ്, ആഹാരപദാർത്ഥങ്ങൾ എന്നിവയുടെ സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോകുകയും ചെയ്തിട്ടുണ്ട്. ഡെയ്ലി റിപ്പോർട്ടുകൾ ശേഖരിക്കാൻ ഡയറക്ടറേറ്റിലെ എപ്പിഡമിക് സെൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. പ്രതിരോധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും ഊർജ്ജിതപ്പെടുത്തുവാനും ഡയറക്ടറേറ്റിൽ നിന്നും ഒരു ടെക്നിക്കൽ ആഫീസറെ കോട്ടയം ജില്ലയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഡിസീസ് സർവ്വയലൻസ് പ്രോഗ്രാമിന്റെ ഡബ്ല്യൂ. എച്ച്. ഒ. കൺസൾട്ടിനെ മഞ്ഞപ്പിത്തബാധയെക്കുറിച്ച് പഠിക്കാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡ്സ് കൺട്രോൾ സൊസൈറ്റി നൽകുന്ന ചികിൽസാസഹായം

123 [899] ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. സി. പി. മുഹമ്മദ് :

,, കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര എയ്ഡ്സ് രോഗികളുണ്ട് ;

(ബി) എത്രപേർ എച്ച്.ഐ.വി. വാഹകരായുണ്ട് ; എച്ച്.ഐ.വി. വാഹകരെ ചികിൽസിക്കുവാൻ എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം സഹായം നൽകുന്നു ;

(സി) ഈ സൊസൈറ്റി നൽകിയ ചികിൽസാ സഹായം കൊണ്ട് എത്ര എച്ച്.ഐ.വി. വാഹകർ രോഗവിമുക്തരായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാളിതുവരെ 2003 എയ്ഡ്സ് രോഗികൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏകദേശം 70,000-നും 1 ലക്ഷത്തിനും ഇടയിൽ എച്ച്.ഐ.വി. വാഹകർ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. എച്ച്.ഐ.വി. വാഹകർക്കു വേണ്ടി ആന്റി റിട്രോവൈറൽ തെറാപ്പി, അനുബന്ധ രോഗങ്ങൾക്കും അവസരോചിത രോഗങ്ങൾക്കുമുള്ള മരുന്നുകൾ, അശരണരും ആലംബഹീനരുമായ എച്ച്.ഐ.വി. ബാധിതരുടെ പരിചരണത്തിനായുള്ള രണ്ട് കെയർ സെന്ററുകൾ, അമ്മയിൽ നിന്നും കുഞ്ഞിലേക്കുള്ള രോഗവ്യാപനം തടയുന്നതിനുവേണ്ടിയുള്ള ചികിത്സ എന്നിവയ്ക്കു പുറമെ, ആരോഗ്യ വകുപ്പിലേയും മെഡിക്കൽ കോളേജിലേയും ഡോക്ടർമാർക്ക് എച്ച്.ഐ.വി. ബാധിതരെ ചികിത്സിക്കുന്നതിനുവേണ്ടിയുള്ള പരിശീലനവും നൽകുന്നു.

(സി) എച്ച്.ഐ.വി. വാഹകരെ പൂർണ്ണമായും ചികിത്സിച്ച് രോഗവിമുക്തമാക്കാൻ പര്യാപ്തമായ ചികിത്സ നിലവിലില്ല. എന്നാൽ എ.ആർ.റ്റി. ചികിത്സകൊണ്ട് രോഗലക്ഷണങ്ങൾ നിയന്ത്രിച്ച് സാധാരണ ആരോഗ്യനില നിലനിർത്താനും ജീവിത കാലാവധി ദീർഘിപ്പിച്ച് സാധാരണ ജീവിതം നയിക്കാനും കഴിയുന്നു.

എയ്ഡ്സ് രോഗികളേയും എച്ച്.ഐ.വി. വാഹകരേയും കണ്ടെത്തി ചികിത്സ നൽകുന്ന പദ്ധതി

124 [900] ശ്രീ. സി. പി. മുഹമ്മദ് :
,, വി. ഡി. സതീശൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എം. ഹസ്സൻ :
,, ടി. എൻ. പ്രതാപൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡ്സ് രോഗികളേയും എച്ച്.ഐ.വി. വാഹകരേയും കണ്ടെത്താനും അവർക്കുവേണ്ട ചികിത്സ നൽകാനും എന്തെല്ലാം പരിപാടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുവേണ്ടി പെയ്ഡ് വോളന്റിയർമാരെ നിയമിക്കാൻ ഉദ്ദേശമുണ്ടോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ എയ്ഡ്സ് രോഗികളും, എച്ച്.ഐ.വി. വാഹകരുമുള്ള ജില്ലയും, മുനിസിപ്പൽ ഏരിയയും, ഗ്രാമ പഞ്ചായത്തും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റ് സംസ്ഥാനങ്ങളുമായി കൂടുതൽ ബന്ധം പുലർത്തുന്ന സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്ത് ഈ രോഗം കൂടുതലായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly